കോഴിക്കോട് ജില്ലയിൽ വ്യവസായ മേഖലയിലെ തകർച്ച

60 [3452] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം വൻകിട-ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ലേ ഓഫ് ചെയ്യപ്പെടുകയോ അടച്ചുപൂട്ടുകയോ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) അടച്ചുപൂട്ടലിനെ തുടർന്ന് പ്രസ്തുത സ്ഥാപനങ്ങളിലെ എത്ര സ്ഥിരം, കാഷ്വൽ, അനുബന്ധ തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടിട്ടുണ്ട്;

(സി) എത്ര പേർക്ക് വി. ആർ. എസ്. നൽകി;

(ഡി) എത്ര തുക ഇതിനായി ചെലവു ചെയ്തു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 66 വ്യവസായ സ്ഥാപനങ്ങൾ അടച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളായ കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ് ലിമിറ്റഡ്, സ്റ്റീൽ കോംപ്ലക്സ് എന്നിവയും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇടത്തരം വ്യവസായ സ്ഥാപനങ്ങളായ ടാറ്റാ ഓയിൽ മിൽ, കോമൾ വെർജ്ജ് വീവിംഗ് ഫാക്ടറി, കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിലുള്ള മാനിറ്റോ ഇലക്ട്രോണിക്സ് ലിമിറ്റഡ്, മലബാർ ഓർഗാനിക്സ് ലിമിറ്റഡ് എന്നിവയും പ്രവർത്തനം നിലച്ചവയിൽപ്പെടുന്നു.

(ബി) 636 സ്ഥിരം തൊഴിലാളികൾക്കും 44 കാഷ്വൽ തൊഴിലാളികൾക്കും ജോലി നഷ്ടമായിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

(സി) & (ഡി) സ്റ്റീൽ കോംപ്ലക്സിലെ 175 ജീവനക്കാർക്കായി 392 ലക്ഷം രൂപയും, മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ് ലിമിറ്റഡിലെ 207 ജീവനക്കാർക്കായി 487.50 ലക്ഷം രൂപയും, വി. ആർ. എസ്. നൽകുന്നതിനായി നൽകിയിട്ടുണ്ട്. കൂടാതെ, കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡിലെ 226 പേർക്ക് വി. ആർ. എസ്. നൽകുവാനായി 567 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

വികലാംഗ ക്ഷേമത്തിന് പദ്ധതികൾ

61 [3466] *പ്രൊഫ. കെ. വി. തോമസ്:*
ശ്രീ. ഡി. സുഗതൻ:
ശ്രീമതി ശോഭനാ ജോർജ്ജ്:
ശ്രീ. എം. മുരളി:
,, എം. എം. ഹസ്സൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വികലാംഗരുണ്ട്; വികലാംഗക്ഷേമത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly